(ബി) എങ്കിൽ ഈ പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് നാമമാത്ര കർഷകർക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എന്നുമുതൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1. എല്ലാവിധ അപകടമരണവും-ഒരു ലക്ഷം രൂപ
2. പൂർണ്ണ അംഗവൈകല്യം- ഒരു ലക്ഷം രൂപ
3. രണ്ടു കാലുകൾ, കൈകൾ, കണ്ണുകൾ- ഒരു ലക്ഷം രൂപ
4. ഒരു കൈ/കാൽ/കണ്ണ് നഷ്ടം- 50,000 രൂപ വീതം
5. അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടുകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം : 5,000 രൂപ വീതം
6. അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം : 5,000 രൂപ
7. അപകടത്തിൽ മരണപ്പെടുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം : 1,000 രൂപ
8. മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാരചടങ്ങിന് ധനസഹായം: 1,000 രൂപ
9. ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷാ ചെലവിന് ധനസഹായം : 5,000 രൂപ

(സി) പത്തുലക്ഷം കർഷകർക്ക് പ്രയോജനം ലഭിക്കും.

(ഡി) പദ്ധതി നടത്തിപ്പിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറക്ക് പദ്ധതി പ്രാവർത്തികമാകുന്നതാണ്.

**10 (*70) കാർഷിക നയം**

ശ്രീ. എം. ദാസൻ :
ശ്രീ. സി.കെ. നാണു :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി പുതിയ കാർഷികനയം ആവിഷ്കരിക്കേണ്ടതുണ്ടെന്ന്, സർക്കാർ കരുതുന്നുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക നയം രൂപീകരിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്നു വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ കാർഷികനയ രൂപീകരണത്തിന് സമിതി രൂപീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർക്കാരിന്റെ കാർഷികനയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഷികമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള കാർഷികനയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) പുതിയ കാർഷികനയം രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം സമർപ്പിക്കുവാൻ ഡോ. എം. എസ്. സ്വാമിനാഥൻ ചെയർമാനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ഡി)& (ഇ) ഡോ.സ്വാമിനാഥൻ സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അധികം താമസിയാതെ കാർഷികനയം പ്രഖ്യാപിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

**11 (*71) ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപ വായ്പാ അനുപാതം**

ശ്രീ. ജോസ് ബേബി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ.എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെ 1998-99-ലെ നിക്ഷേപ വായ്പാനുപാതം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) വായ്പാനുപാതം വർദ്ധിപ്പിക്കണമെന്ന് ഈ ബാങ്കുകളോടാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) അർഹതപ്പെട്ട വായ്പാ അപേക്ഷകർ പലതും ഇത്തരം ബാങ്കുകൾ പരിഗണിക്കുന്നില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1998 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് ദേശസാൽകൃത ബാങ്കുകളിലെ നിക്ഷേപ വായ്പാ അനുപാതം 39 ശതമാനമാണ്. (ബാങ്കിംഗ് സ്റ്റാറ്റിസ്റ്റിക്സ് അനുബന്ധം 'എ' ആയി വച്ചിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly